# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7361 | 14.07.2014 ലെ മറുപടിക്ക്

**ഓൺലൈനായി കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ :<br>ശ്രീ.റ്റി.എൻ.പ്രതാപൻ :<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ.പാലോട് രവി : | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പ് മന്ത്രി) |
| (എ) നഗരങ്ങളിൽ കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ ഓൺ ലൈനിൽ സ്വീകരിക്കുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ മുഴുവൻ നഗരസഭകളിലും 01.07.2014 മുതൽ കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ ഓൺലൈനിൽ സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്തിട്ടുള്ള 'സങ്കേതം' എന്ന ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ വഴിയാണ് ഈ സേവനം ലഭ്യമാകുന്നത്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;<br><br>(സി) പ്രസ്തുത സംവിധാനം വഴി കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള കാലതാമസം എത്രമാത്രം ഒഴിവാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ;<br><br>(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി), (സി) & (ഡി) കെട്ടിടനിർമ്മാണ അനുമതി നൽകുന്നത് കൂടുതൽ കൃത്യമായും, സുഗമമായും കാര്യക്ഷമവുമായി നടപ്പിലാക്കുക എന്നതാണ് 'സങ്കേതം' എന്ന ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ വഴി സർക്കാർ ഉദ്ദേശിക്കുന്നത്. ഓൺലൈനായി നൽകുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസർ പരിശോധിച്ച് ഇതേ സോഫ്റ്റ് വെയറിലൂടെ തന്നെ ഓൺലൈനായി അംഗീകാരം നൽകുന്നതിനാൽ കാലതാമസം നേരിടുന്നില്ല. നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിടനിർമ്മാണാനുമതിയ്ക്കായി ലഭിക്കുന്ന അപേക്ഷകൾ 30 ദിവസത്തിനകം തീർപ്പാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 'സങ്കേതം' ആപ്ലിക്കേഷൻ സോഫ്റ്റ് വെയറിലൂടെ നൽകുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസർ പരിശോധിച്ച് മുൻഗണനാ ക്രമത്തിൽ കൂടുതൽ വേഗത്തിലും, കൃത്യതയോടെയും, സുതാര്യമായും അംഗീകാരം നൽകുവാൻ കഴിയും. ഓൺലൈനായി കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ നഗരസഭകളിലേയും എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർക്ക് ഓൺലൈനിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ ഇതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് ടൗൺ പ്ലാനർ, വിജിലൻസിനെ നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ